# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3549**      **17.10.2011-ൽ മറുപടിക്ക്**

**ദേശീയ ഗ്രാമീണാരോഗ്യ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ :<br>ശ്രീമതി ഇ.എസ്.ബിജിമോൾ :<br>ശ്രീ. കെ.രാജു :<br>" പി.തിലോത്തമൻ : | | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | ആശുപത്രികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുക, ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാ മെഡിക്കൽ ജീവനക്കാരെയും ആവശ്യാനുസരണം നിയമിക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, മാതൃശിശു മരണനിരക്ക് കുറയ്ക്കുക, പൊതുജനാരോഗ്യ സേവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക, പകർച്ചവ്യാധികൾ, മറ്റു സാംക്രമിക രോഗങ്ങൾ എന്നിവയുടെ നിയന്ത്രണവും നിരീക്ഷണവും ശക്തിപ്പെടുത്തുക, സമഗ്ര ആരോഗ്യ സംരക്ഷണം ഏവർക്കും ഉറപ്പുവരുത്തുക, ജന സംഖ്യാ നിയന്ത്രണം, സംതുലനം, അവയുടെ അനുപാതം എന്നിവ നിയന്ത്രിക്കുക, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി എന്നിവയെ ഒരു കുടക്കീഴിലാക്കി ജനങ്ങൾക്ക് ഉപകാരപ്രദമായി രീതിയിൽ ആരോഗ്യ സേവനവും മെഡിക്കൽ സേവനവും നൽകുക, പൊതു ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി പ്രകാരം ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) ഈ പദ്ധതി ഇപ്പോൾ സ്തംഭനാവസ്ഥയിലാണോ ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ ? | (സി) | ഈ പദ്ധതി ഇപ്പോൾ സ്തംഭനാവസ്ഥയിലല്ല. |

(അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്)

സെക്ഷൻ ഓഫീസർ